പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2193 05.12.2018 ൽ മറുപടിക്ക്

## കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ആർ. രാമചന്ദ്രൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കരുനാഗപ്പള്ളി ഗവൺമെന്റ് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ആരംഭിച്ചിട്ടുള്ളത് എന്ന് വിശദീകരിക്കുമോ; | (എ) | സർക്കാർ ഉത്തരവ് നം.2196/2018/ആ.കു.വ തീയതി 07.07.2018 പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മിനിമം സ്റ്റാൻഡേർഡ് കൈവരിച്ചിട്ടില്ലാത്ത മേഖലകൾ കണ്ടെത്തി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കിഫ്ബിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയ 90 കോടി രൂപയുടെ പുതിയ കെട്ടിടത്തിന്റെ മാസ്റ്റർ പ്ലാനിന് സർക്കാർ ഉത്തരവ് നം.3042/2018/ആ.കു.വ തീയതി 04.10.2018 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (ബി) | ആർദ്രം പദ്ധതി പ്രകാരം കരുനാഗപ്പള്ളി താലൂക്ക് ആശുപത്രിയിൽ ഇതിനോടകം സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികയും ലാബ് ടെക്നീഷ്യന്റെ മൂന്ന് തസ്തികയും, ഡെന്റൽ മെക്കാനിക്കിന്റെ ഒരു തസ്തികയും സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. |
| (സി) | ലാബുകളുടെയും എക്സ്റേ വിഭാഗത്തിന്റെയും നവീകരണത്തിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ? | (സി) | എക്സ്റേ വിഭാഗം പ്രവർത്തിക്കുന്ന കെട്ടിടം 5 ലക്ഷം രൂപ ഉപയോഗിച്ച് നവീകരിച്ച് ഇവിടെ 16 ലക്ഷം രൂപയുടെ പുതിയ മിഷ്യനുകൾ സ്ഥാപിച്ചിട്ടുണ്ട് കൂടാതെ ലാബിലേക്ക് 18 ലക്ഷം രൂപ വിലവരുന്ന ഡിജിറ്റൽ യൂണിറ്റ് സ്ഥാപിക്കുകയും 14 ലക്ഷം രൂപയുടെ ഹോർമോൺ അനലൈസർ കെ.എം.എസ്.സി.എൽ. മുഖേന സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചു വരികയുമാണ്. |

സെക്ഷൻ ഓഫീസർ